വീട് 14



എ.എം.ഫൈസൽ

# ടോയ്‌ലെറ്റുകൾ

## ടോയ്‌ലെറ്റുകൾ നിർമ്മിക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം

വീടിനുള്ളിൽ ടോയ്‌ലെറ്റ് എന്ന് കേൾക്കുമ്പോഴേ നെറ്റി ചുളിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. വീട്ടിൽ നിന്നും മാറി ദൂരെ പ്ലോട്ടിന്റെ ഏതെങ്കിലുമൊരു മൂലയിൽ വലിയ പ്രാധാന്യമൊന്നും കൊടുക്കാതെയുള്ളതായിരുന്നു അന്നത്തെ ടോയ്‌ലെറ്റുകൾ. ആവശ്യത്തിനുള്ള സ്വകാര്യത കിട്ടുക എന്നത് മാത്രമായിരുന്നു ഇടം കാണുന്നതിലെ ഒരേയൊരു മാനദണ്ഡം. പിന്നീട് പതിയെ ടോയ്‌ലെറ്റുകൾ വലിയ രൂപാന്തരമൊന്നുമില്ലാതെ വീടിനോട് ചാരെ നൽകിത്തുടങ്ങി. ഇന്ന് കഥയാകെ മാറിയിരിക്കുന്നു. റൂമുകളുടെ എണ്ണത്തിനനുസരിച്ച് വ്യത്യസ്ത വലിപ്പങ്ങളിലും ഭാവങ്ങളിലുമാണ് ആധുനിക വീടുകളുടെ അകത്തളങ്ങളിൽ ടോയ്‌ലെറ്റുകൾ അരങ്ങു വാഴുന്നത്. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ വീടിനു പുറത്തേക്ക് ഇറങ്ങുന്നത് വളരെ അപൂർവ്വമായി മാറിയിരിക്കുന്നു.

വ്യക്തമായ കാഴ്ചപ്പാടുകളോടെയാണ് ഇന്ന് ഓരോ വീടുകളിലും ടോയ്‌ലെറ്റുകൾ പണികഴിപ്പിച്ചു കൊണ്ടിരിക്കുന്നത്. ആവശ്യങ്ങൾക്കനുസരിച്ച് സൗകര്യപ്രദമായ രീതിയിൽ കോമൺ ഏരിയയിലും ബെഡ്റൂമുകളിലുമാണ് ഇവ സാധാരണ നൽകി വരാറുള്ളത്. അതീവ ശ്രദ്ധയോടെ, തികച്ചും ശാസ്ത്രീയമായി തന്നെയാണ് വീടകങ്ങളിൽ ബാത്ത്റൂമുകൾ ഒരുക്കേണ്ടത്. അതിഥികൾക്കും മറ്റും ഉപയോഗിക്കാൻ പാകത്തിൽ ലിവിങ്ങ് ഏരിയയോടും ഡൈനിങ്ങ് ഏരിയയോടും ചേർന്ന് കോമൺ ടോയ്‌ലെറ്റുകൾ നൽകുന്നതാണ് ഉചിതം. ബെഡ്റൂമുകളിൽ ഡ്രെസ്സിങ്ങ് യൂണിറ്റിനോട് ചേർന്നാണ് സാധാരണ ടോയ്‌ലെറ്റുകൾ ഡിസൈൻ ചെയ്യാറുള്ളത്. ആവശ്യങ്ങളെയും ലഭ്യമാക്കുന്ന സംവിധാനങ്ങളെയും അവ ഉപയോഗിക്കുന്നതിലെ സൗകര്യവും പരിഗണിച്ചാണ് ടോയ്‌ലെറ്റുകൾ രൂപകൽപന ചെയ്യപ്പെടേണ്ടത്. ഒരു ദിവസത്തിലെ വളരെ കുറഞ്ഞ സമയമാണ് നാം ടോയ്‌ലെറ്റുകളിൽ ചെലവഴിക്കുന്നത്. അതുകൊണ്ട് തന്നെ വലിയൊരു സ്പേസ് ഉപയോഗപ്പെടുത്തിയുള്ള ഇവയുടെ നിർമ്മാണരീതിയിലെ യുക്തി പരിഗണിക്കേണ്ടതു തന്നെ.

കാറ്റിനു സാധ്യതയുള്ളതിനാൽ വീടിന്റെ കന്നിമൂലയിൽ ടോയ്‌ലെറ്റ് നൽകുന്നത് അഭികാമ്യമല്ല. ശരിയായ എയർ സർക്കുലേഷൻ സാധ്യമല്ല എന്നതിനാൽ വീടിന്റെ മധ്യഭാഗത്തും ഇവ നൽകാതിരിക്കുന്നതാണ് ഉചിതം. ആവശ്യത്തിനു നാച്ചുറൽ ലൈറ്റ് ലഭിക്കുന്ന രീതിയിലാണ് ടോയ്‌ലെറ്റുകൾ ഡിസൈൻ ചെയ്യേണ്ടത്. ഉചിതമായ സ്പേസ് പ്ലാനിങ്ങോടെ, ഷവർ, ക്ലോസെറ്റ്, വാഷ് ബേസിൻ എന്നിവയാണ് സാധാരണ ടോയ്‌ലെറ്റിൽ നൽകാറുള്ളത്. ലക്ഷ്വറി ലെവലിൽ ടോയ്‌ലെറ്റുകൾ വിശാലമായി രൂപകൽപന ചെയ്യുമ്പോൾ അവയ്ക്ക് അനുസൃതമായി ബാത്ത് ടബ്ബുകൾ, ജാകൂസി, ഷവർ പാനലുകൾ, ജെറ്റ് ഷവറുകൾ, സ്റ്റീം കേബിനുകൾ തുടങ്ങിയവയും നൽകിവരാറുണ്ട്.



പുതിയ ശൈലിയിൽ ഡ്രൈ ഏരിയ, വെറ്റ് ഏരിയ എന്നീ രണ്ടു ഭാഗങ്ങളായാണ് ഇപ്പോൾ സാധാരണ ടോയ്‌ലെറ്റുകൾ അറേഞ്ചു ചെയ്യാറുള്ളത്. ടോയ്‌ലെറ്റുകൾ എല്ലാ സമയങ്ങളിലും ഫ്രെഷായി നിർത്താനും ക്ലീനിങ്ങ് കുറക്കാനുമാണ് ഇങ്ങനെ ചെയ്യുന്നത്. ഡ്രൈ ഏരിയയിൽ നിന്നും വെള്ളത്തിന്റെ ചെറിയ അംശം പോലും റൂമിനുള്ളിലേക്ക് വരാൻ സാധ്യതയില്ല എന്നതും ഇതിന്റെ ഒരു നല്ല വശമാണ്. ഈ രണ്ടു ഭാഗങ്ങളെ വേർതിരിക്കാൻ ആകർഷകമായ രീതിയിൽ ഗ്ലാസ്, കർട്ടൻ പോലുള്ള ഡിസൈൻ കോൺസെപ്റ്റിനു യോജിച്ച മെറ്റീരിയലുകൾ കൊണ്ട് പാർട്ടീഷൻ നൽകാറുണ്ട്. വെള്ളം വലിച്ചെടുക്കാത്ത ക്വാളിറ്റിയുള്ള ലൈറ്റ് കളർ ഫ്ളോറിങ് മെറ്റീരിയൽസ് ഉപയോഗിക്കുന്നതാണ് ഇവിടെ ഉചിതം. വ്യത്യസ്ത സൈസുകളിൽ ടോയ്‌ലെറ്റിൽ ഉപയോഗിക്കുന്ന ടൈൽ, മാർബിൾ, ഗ്ലാസ്, ഗ്രാനൈറ്റ് എന്നീ ഫ്ളോറിങ് മെറ്റീരിയൽസിന്റെ വിവിധ ഡിസൈനുകൾ ലഭ്യമാണ് ഇന്ന് മാർക്കറ്റിൽ. ഏതു തരത്തിലുള്ള ഫ്ളോറിങ് മെറ്റീരിയൽ ഉപയോഗിച്ചാലും വാട്ടർ പ്രൂഫിങ്ങ് ട്രീറ്റ്മെന്റ് ചെയ്യുന്നത് നല്ലതാണ്. കൂടുതൽ ഇടപെടലുകൾ വരുന്ന ക്ലോസറ്റ്, ഷവർ ഏരിയകളിലെ ഫ്ളോറിൽ രൂപപ്പെടുന്ന കളർ ഫേഡ് ഒഴിവാക്കാൻ അവിടങ്ങളിൽ ഫ്ളോറിനു ഡാർക്ക് നിറം നൽകുന്നതും നല്ലതാണ്. വെള്ളം നിൽക്കുന്ന ഭാഗമായതിനാൽ സ്ലിപ് ആവാതിരിക്കാൻ അനുയോജ്യമായ ഷവർ മാറ്റുകളും ഇവിടെ ഉപയോഗിക്കാം. ടോയ്‌ലെറ്റ് ക്ലീൻ ചെയ്യുന്ന വസ്തുക്കൾ വൃത്തിയായി സൂക്ഷിക്കാൻ ഒരു ചെറിയ സ്റ്റോറേജ് ഏരിയയും ഇവിടെ നൽകാം. കൂടാതെ, ടോയ്‌ലെറ്റിൽ ഉപയോഗിക്കാനുള്ള വൈവിധ്യം നിറഞ്ഞ ഓട്ടോമേഷൻ സംവിധാനങ്ങളും നിലവിലുണ്ട്. ●

(ലേഖകൻ, മഞ്ചേരിയിലെ നിർമാൺ ഡിസൈനേഴ്സ് ഡയറക്ടറാണ്.)

email: admin@nirmandesign.com


കാറ്റിനു സാധ്യതയുള്ളതിനാൽ വീടിന്റെ കന്നിമൂലയിൽ ടോയ്‌ലെറ്റ് നൽകുന്നത് അഭികാമ്യമല്ല. ശരിയായ എയർ സർക്കുലേഷൻ സാധ്യമല്ല എന്നതിനാൽ വീടിന്റെ മധ്യഭാഗത്തും ഇവ നൽകാതിരിക്കുന്നതാണ് ഉചിതം.